**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1532** **10.02.2020-ലെ മറുപടിയ്ക്ക്**

**പൊതു സർവ്വീസ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** | |
| (എ) | ഗ്രാമപഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ മൂന്ന് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) യും<br>(ബി) യും | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസിന്മേൽ സർക്കാർ, 2018 നവംബർ 8, 9 തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടന കളുമായി ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശ ങ്ങളുടെയും, അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുക യുണ്ടായി. കരട് ചട്ടങ്ങളിന്മേൽ വകുപ്പ് മേധാവികളുടെ അഭിപ്രായ ങ്ങളും നിർദ്ദേശങ്ങളും പരിശോധിക്ക ന്നതിനായി 20.09.2019-ലെ സ.ഉ.(സാധാ) നം.2036/2019/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ) - ചെയർപേഴ്സൺ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ |
| (ബി) | പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി അതത് വകുപ്പുകളുടെ ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആശങ്കകൾ പരിഹരിച്ചിട്ടുണ്ടോ; അവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കില ഡയറക്ടറുമായും, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി മുമ്പാകെ വകുപ്പ മേധാവികൾ ഉന്നയിച്ച നിർദ്ദേശങ്ങളിന്മേൽ കമ്മിറ്റിയുടെ അഭിപ്രായം/ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. |
| (സി) | പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ രൂപീകരിച്ച കമ്മിറ്റിയിലുള്ള അംഗങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണ-ഗ്രാമീൺ) - ചെയർ പേഴ്സൺ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ |
| (ഡി) | പ്രസ്തുത കമ്മിറ്റി നാളിത് വരെ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി വന്നിട്ടുള്ള ചെലവുകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | കമ്മിറ്റിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി നാളിതുവരെ ചെലവുകളൊന്നും ഉണ്ടായിട്ടില്ല. |

(signature)

**സെക്ഷൻ ഓഫീസർ**